# Visit of Minister of State for External Affairs Shri V.Muraleedharan to South Sudan (October 20-22, 2021)

October 25, 2021

---

# വിദേശകാര്യമന്ത്രി ശരി. വി മുരളീധരന്റെ സൌത്ത് സുഡാനിലെക്കുള്ള സന്ദർശനം (ഒക്ടോബർ 20-22, 2021)

ഒക്ടോബർ 25, 2021

1.വിദേശകാര്യ, പാർലമെന്ററി കാര്യ സഹമന്ത്രി ശ്രീ വി. മുരളീധരൻ [MoS(VM)], 2021 ഒക്ടോബർ 20 മുതൽ 22 വരെ ജൂബയിലേക്ക് (സൌത്ത് സുഡാൻ) ഔദ്യോഗിക സന്ദർശനം നടത്തിയിരുന്നു.അഞ്ച് വർഷത്തിലേറെയായി ദക്ഷിണ സുഡാലേക്ക് ഇന്ത്യയിൽ നിന്നുള്ള ആദ്യ മന്ത്രിതല സന്ദർശനമായിരുന്നു ഇത്.

2. MOS(VM) വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രി ബഹുമാനപ്പെട്ട മയിക്ആയ് ഡെങ്-മായി കൂടിക്കാഴ്ച നടത്തി. ഇരുപക്ഷവും നിലവിലുള്ള ബന്ധങ്ങളുടെ എല്ലാ വശങ്ങളും അവലോകനം ചെയ്യുകയും ഭാവിയിൽ കാർഷികം, ലൈവ്സ്റ്റോക്, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ഐടി തുടങ്ങി വിവിധ മേഖലകളിൽ. സഹകരണം വിപുലീകരിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു

3. ദക്ഷിണ സുഡാനെ കോയലിഷൻ ഫോർ ഡിസാസ്റ്റർ റെസിലന്റ് ഇൻഫ്രാസ്ട്രക്ചറിൽ (CDRI) ചേരാൻ ക്ഷണിക്കപ്പെട്ടിരുന്നു. ദക്ഷിണ സുഡാനിലെ പാർലമെന്ററി കാര്യ മന്ത്രി മേരി നവായി മാർട്ടിനുമായുള്ള കൂടിക്കാഴ്ചയിൽ, ദക്ഷിണ സുഡാനുമായി പാർലമെന്ററി നടപടിക്രമങ്ങളും സമ്പ്രദായങ്ങളും വികസിപ്പിക്കുന്നത് സംബന്ധിച്ച സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കാൻ ഇന്ത്യ സന്നദ്ധത പ്രകടിപ്പിക്കുകയും വിവിധ നൈപുണ്യ വികസന പരിശീലന കോഴ്സുകൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

4. സന്ദർശനത്തിൽ ഡോ. റിക്ക്മച്ചാർ ടെനി ദുർഗോനുമായി കൂടികാഴ്ച നടത്തുകയും ചെയ്യും ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരത്തിന്റെയും ഇന്ത്യൻ നിക്ഷേപത്തിന്റെയും വളർച്ചയ്ക്കുള്ള ഇനിയും ഉപയോഗപ്രദമായിട്ടില്ലാത്ത സാധ്യതകൾ MoS(VM) ഊന്നിപ്പറയുകയും ദക്ഷിണ സുഡാനിലെ ഇന്ത്യൻ സംരംഭകർ നേരിടുന്ന പരിമിതികളിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിക്കുകയും ചെയ്തു. എച്ച്.ഇ. ദക്ഷിണ സുഡാനിലെ ഇന്ത്യൻ നിക്ഷേപകർക്ക് നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെക്കുറിച്ച് റെയ്ക്മേച്ചർ ഉറപ്പ് നൽകി.

5. ദക്ഷിണ സുഡാൻ റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് ശ്രീ. സാൽവകിർമയാർഡിറ്റുമായുള്ള സന്ദർശനത്തിൽ , റിവൈറ്റലൈസ്ഡ് അഗ്രിമെന്റ് ഓൺ ദി റെസല്യൂഷൻ ഓഫ് ദി കൊണ്ഫ്ലിക്റ്റ് ഇൻ സൌത്ത് സുഡാൻ (R-ARCSS )ന്റെ ഭാഗമായുള്ള തുടർന്നുകൊണ്ടിരിക്കുന്ന സമാധാന പ്രക്രിയയിൽ ഇന്ത്യയുടെ പിന്തുണ ആവർത്തിക്കുകയും ചെയ്തു.പ്രസിഡന്റ് സാൽവകിർ ആരോഗ്യ മേഖലയിൽ ഇന്ത്യയുടെ സഹകരണം ആവശ്യപ്പെടുകയും ദക്ഷിണ സുഡാനിൽ താമസിക്കുന്ന ഇന്ത്യൻ സമൂഹത്തിന്റെ ദീർഘകാല ആവശ്യങ്ങൾ പരിഗണിച്ച്,

ഹിന്ദു ശ്മശാന സ്ഥലത്തിനും ജൂബയിലെ ഒരു ക്ഷേത്രത്തിനും ഭൂമി അനുവദിക്കുന്നതിനുള്ള അംഗീകാരം പ്രഖ്യാപിക്കുകയും ചെയ്തു.

6. സന്ദർശനത്തിൽ ഇന്ത്യൻ സമൂഹവുമായുള്ള ആശയവിനിമയവും ഇന്ത്യൻ സംരംഭകരുമായുള്ള ഒരു സെഷനും ഉൾപ്പെത്തിരുന്നു .യുഎൻ മിഷന്റെ കീഴിലുള്ള ഇന്ത്യൻ ആർമി ഫീൽഡ് ഹോസ്പിറ്റൽ, ബാപ്സ് ഹിന്ദു ക്ഷേത്രം, ഡോട്ടേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഒരു ഇന്ത്യൻ മത സഭ) എന്നിവയും MoS (VM) സന്ദർശിച്ചു. ദക്ഷിണ സുഡാനിലെ ഇന്ത്യൻ സമൂഹം MOS(VM) നെ ഹൃദയംഗമമായി സ്വാഗതം ചെയ്യുകയും വർഷങ്ങൾക്ക് ശേഷം ഒരു ഇന്ത്യൻ മന്ത്രിയെ സ്വീകരിക്കുന്നതിൽ സന്തോഷം പ്രകടിപ്പിക്കുകയും.

7. ദക്ഷിണ സുഡാനിലേക്കുള്ള MOS (VM) സന്ദർശനം ഉഭയകക്ഷി ബന്ധങ്ങൾക്ക് പ്രേരണ നൽകുന്നതിനുള്ള നാഴികക്കല്ലായി മാറി.

ന്യൂ ഡൽഹി

ഒക്ടോബർ 25, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.